**ജില്ലാ കളക്ടർ, കാസർഗോഡിൻെറ നടപടിക്രമം തീയതി 11/02/2020**
**(ഹാജർ : ഡോ.ഡി.സജിത്ത് ബാബു ഐ എ എസ്)**

വിഷയം – ഭൂമി ഏറ്റെടുക്കൽ– കാസർഗോഡ് ജില്ല– RFCTLARR Act 2013 പ്രകാരം ഭൂമി ഏറ്റെടുക്കേണ്ട കേസുകളിൽ സാമൂഹിക ആഘാത പഠനം നടത്തുന്നതിന് ഏജൻസിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്– കേരളാ വാട്ടർ അതോറിറ്റി – ജലസംഭരണി നിർമ്മാണം- സംബന്ധിച്ച്.

വായന – 1. സർക്കാർ ഉത്തരവ് നം.470/2015/റവ. തീയതി 19.09.2015.
2. സർക്കാർ ഉത്തരവ് നം.376/2016/റവ. തീയതി 29.06.2016.
3. കേരളാ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രോജക്ട് ഡിവിഷൻ, കണ്ണൂരിൻെറ 04.06.2018 –ലെ റിക്വസിഷൻ നം.ഡി4–501/2016.

ഭൂമി ഏറ്റെടുക്കേണ്ടി വരുന്ന സാഹചര്യത്തിൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2013 ലെ ഉപവകുപ്പ് (1) വകുപ്പ് 3 പ്രകാരം, വിവിധ വികസന പദ്ധതികൾക്കു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ട കേസുകളിൽ സാമൂഹിക ആഘാത പഠനം നടത്തുവാൻ വായന 1 പ്രകാരം ഉത്തരവായിരുന്നു. അതോടൊപ്പം വായന 2 പ്രകാരം പ്രസ്തുത പഠനം നടത്തുന്നതിനുള്ള ഏജൻസികളെ തെരഞ്ഞെടുക്കുവാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ആയതിൻെറ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ ഭൂമി ഏറ്റെടുക്കൽ പദ്ധതികൾക്കു വേണ്ടി സാമൂഹിക ആഘാത പഠനം നടത്തുന്നതിനായി ഏജൻസികളെ ക്ഷണിച്ചു കൊണ്ടു പരസ്യം ചെയ്യുകയുണ്ടായെങ്കിലും അംഗീകാരമുള്ള ഏജൻസികളെ ലഭിക്കുകയുണ്ടായില്ല.

തുടർന്ന് സംസ്ഥാന സർക്കാരിൻെറ കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള കാസർഗോഡ് ജില്ലയിലെ തെക്കിൽ വില്ലേജിൽ കേരളാ വാട്ടർ അതോറിറ്റിക്കു വേണ്ടി 26 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി വായന 3 പ്രകാരം ലഭിച്ച അപേക്ഷയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് തുടർനടപടികൾ സ്വീകരിക്കുന്നതിൻെറ ഭാഗമായി കേരള സർക്കാരിൻെറ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സെൻറർ ഫോർ മാനേജ്മെൻറ് ഡെവലപ്പ്മെൻറ്, തിരുവനന്തപുരം എന്ന സ്ഥാപനത്തെ RFCTLARR Act 2013–ലെ വ്യവസ്ഥകൾ അനുസരിച്ച് സാമൂഹിക ആഘാത പഠനം നടത്തി സമയബന്ധിതമായി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

DISTRICT COLLECTOR
11/02/2020

പകർപ്പ് :

1. ഡയറക്ടർ, സെൻറർ ഫോർ മാനേജ്മെൻറ് ഡെവലപ്പ്മെൻറ്, തൈക്കാട്, തിരുവനന്തപുരം.
2. സ്പെഷ്യൽ തഹസിൽദാർ(എൽ.എ), കാസർഗോഡ്.
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരളാ വാട്ടർ അതോറിറ്റി, പ്രോജക്ട് ഡിവിഷൻ, കണ്ണൂർ.